# ചന്ദ്രിക
## വാരാന്തപ്പതിപ്പ്

2022 ഓഗസ്റ്റ് 21 ഞായർ
sundaychandrika@gmail.com





സയ്യിദ് അഷ്റഫ് തങ്ങൾ, സി. അബ്ദുൽ ബാരി

ആലി മുസ്‌ലിയാർ പറയുന്നു

# അന്ന് തിരൂരങ്ങാടി പള്ളിയിൽ എന്താണ് സംഭവിച്ചത്

**വധശിക്ഷക്ക് വിധിക്കപ്പെട്ട് കോയമ്പത്തൂർ ജയിലിൽ കഴിയുന്ന സമയത്ത് ആലി മുസ്‌ലിയാരുമായി സി.കെ മുഹമ്മദ് യാക്കൂബ് നടത്തിയ അഭിമുഖം**

1921ലെ മലബാർ സമര ചരിത്രത്തിൽ ജ്വലിച്ചു നിൽക്കുന്ന അധ്യായമാണ് ആലി മുസ്‌ലിയാർ. മലബാറിലെ ജനങ്ങളെ, വിശിഷ്യാ മാപ്പിളമാരെ രാഷ്ട്രീയപരമായും ആത്മീയമായും വളരെയധികം സ്വാധീനിച്ച വ്യക്തിത്വമായിരുന്നു അദ്ദേഹത്തിന്റേത്. മലബാറിലെ ജന്മി വിരുദ്ധ-ബ്രിട്ടീഷ് വിരുദ്ധ കലാപങ്ങളുടെ ചരിത്രത്തിൽ തുടക്കം മുതലെ പ്രധാനപ്പെട്ട പ്രദേശമാണ് തിരൂരങ്ങാടി. മമ്പുറം തങ്ങന്മാരുടെ മാപ്പിളമാർക്കിടയിലുള്ള സ്വാധീനവും അവരുടെ വൈദേശികാധിപത്യത്തിനെതിരെയുള്ള പ്രവർത്തനാഹ്വാനങ്ങളും കാരണം ബ്രിട്ടീഷുകാരെ സംബന്ധിച്ചിടത്തോളം തിരൂരങ്ങാടി ഒരു ഹോട്ട് സ്പോട്ട് ആയിരുന്നു. മമ്പുറം സയ്യിദ് ഫസൽ പൂക്കോയ തങ്ങളെ നാടു കടത്തിയ അതേ തിരൂരങ്ങാടിയിലാണ് പിൽക്കാലത്ത് ആലി മുസ്‌ലിയാർ നേതൃസ്ഥാനത്തിരിക്കുന്നത്.

ഇരുപത്തൊന്നിലെ സംഭവ വികാസങ്ങൾ സജീവമാകുന്നത് കലക്ടർ തോമസും പോലീസ് മേധാവിയും സന്നാഹങ്ങളും ഓഗസ്റ്റ് 19 നു തിരൂരങ്ങാടിയിൽ മിന്നൽ തിരച്ചിലിനിറങ്ങിയപ്പോഴാണല്ലോ. കലക്ടറുടെ കണക്കുകൂട്ടലുകൾ ആദ്യ പടിയിൽ തന്നെ പിഴച്ചെങ്കിലും പത്തു ദിവസങ്ങൾക്കുള്ളിൽ നിരന്തര ശല്യപ്പെടുത്തലോടെയും ഡോർ സെറ്റുകൾ അടക്കമുള്ള കൂടുതൽ സേനയുടെ സഹായത്തോടെയും ആലി മുസ്‌ലിയാരെ കീഴ്പ്പെടുത്താൻ ബ്രിട്ടീഷുകാർക്ക് കഴിഞ്ഞു. ഓഗസ്റ്റ് 19ലെ മിന്നൽ തിരച്ചിൽ, ഖിലാഫത്ത് വളണ്ടിയർമാരുടെ അറസ്റ്റ്, കച്ചേരിയിലെ വെടിവെപ്പ്, കിഴക്കേപള്ളിയിലെ തിരച്ചിൽ, കോൺഗ്രസ് നേതാക്കളുടെ സന്ദർശനം, ആമുവിന്റെ ഇടപെടൽ, പട്ടാളത്തിന്റെ തമ്പടിക്കൽ എന്നിവയെല്ലാം ഒത്തുതീർപ്പിനായി ആലി മുസ്‌ലിയാരെ സമ്മർധത്തിലാക്കാനുള്ള തന്ത്രങ്ങളായിരുന്നു.

1921 ഓഗസ്റ്റ് 30ന് ആലി മുസ്‌ലിയാരും 37 അനുയായികളും അറസ്റ്റു ചെയ്യപ്പെടുകയും അവരെ തിരൂർ വഴി കോയമ്പത്തൂരിലേക്ക് കൊണ്ടുപോവുകയും ചെയ്തു. 'രാജാവിനോട് യുദ്ധം ചെയ്ത' വകുപ്പിൽ തടവിൽ കഴിയുന്ന ആലി മുസ്‌ലിയാരെ കോയമ്പത്തൂരിലെ സി.കെ മുഹമ്മദ് യാക്കൂബ് ജയിലിൽ വെച്ച് നടത്തിയ അഭിമുഖം ചരിത്രം മാറ്റി എഴുതപ്പെടുകയും പോരാളികളെ ചരിത്രത്തിൽ നിന്ന് വെട്ടിമാറ്റപ്പെടുകയും ചെയ്യുന്ന രാഷ്ട്രീയ സാഹചര്യത്തിൽ പുനർവായിക്കപ്പെടേണ്ടതാണ്.

## ആലി മുസ്‌ലിയാർ സംസാരിക്കുന്നു

കോയമ്പത്തൂരിലെ സി.കെ. മുഹമ്മദ് യാക്കൂബ് 1921 ഡിസംബർ 7ന് എഴുതുന്നു:

കോയമ്പത്തൂർ സെൻട്രൽ ജയിൽ സൂപ്രണ്ടിന്റെ അനുവാദത്തോടെ പാലത്ത് മൂലയിൽ എരിക്കുന്നൻ ആലി മുസ്‌ലിയാരുമായി (മലബാർസ്പെഷ്യൽ ട്രൈബ്യൂണൽ വധശിക്ഷക്ക് വിധിക്കപ്പെട്ട ഒരു മാപ്പിള തടവുകാരൻ) ഞാൻ നടത്തിയ അഭിമുഖത്തിന്റെ ഒരു വിവരണം നിങ്ങളുടെ വിലയേറിയ കോളങ്ങളിൽ ഉൾപ്പെടുത്തുന്നതിന് ഞാൻ അഭ്യർഥിക്കുന്നു. അഭിമുഖത്തിൽ ഡെപ്യൂട്ടി ജയിലറും ഉണ്ടായിരുന്നു. അഭിമുഖത്തിൽ മുസ്‌ലിയാർ എന്നോട് പറഞ്ഞതിന്റെ കൃത്യമായ പകർപ്പ് താഴെചേർക്കുന്നു:

''ഞാൻ ഉൾപ്പെടെ ഞങ്ങൾ പതിമൂന്ന് പേർക്ക് പ്രത്യേക ട്രൈബ്യൂണൽ വധശിക്ഷ വിധിച്ചു. മറ്റ് പന്ത്രണ്ട് പേർ ആരാണെന്നു പൊതുജനങ്ങൾക്കും അവരുടെ അടുത്ത ബന്ധുക്കൾക്കും പ്രത്യേകിച്ച് ഒരു അറിവും ഇല്ല. അതിനാൽ, അവർതൂക്കിലേറ്റപ്പെടുന്നതിന് മുമ്പ് വിവരങ്ങൾ അവരുടെ ബന്ധുക്കളിൽ എത്തുന്നുവെന്ന് ഉറപ്പാക്കാൻ ആവശ്യമായതെല്ലാം നിങ്ങൾ ചെയ്യുന്നതിനായി ആ പന്ത്രണ്ട് ആളുകളുടെ പേരുകൾ ഞാൻ നിങ്ങൾക്ക് നൽകുന്നു:

1. എളമ്പുലാശ്ശേരി മൊയ്തീൻ കുട്ടി ഹാജി, കക്കാട്, 2. ചെരിച്ചിയിൽ മമ്മദുട്ടി, തിരൂരങ്ങാടി, 3. പനക്കൽ ഉണ്ണീൻകുട്ടി, തിരൂരങ്ങാടി, 4. ഉരുണിയൻ അഹമ്മദ്, തിരൂരങ്ങാടി, 5. കുട്ടശ്ശേരി അഹമ്മദ്, തിരൂരങ്ങാടി, 6. ചേലുപാടത്ത് കുഞ്ഞിചേക്ക്, തിരൂരങ്ങാടി, 7. കൂളിപ്പിലാക്കൽ അസ്സൻകുട്ടി, തിരൂരങ്ങാടി, 8. കോക്കപറമ്പിൽ രായിൻ, തിരൂരങ്ങാടി, 9. പട്ടാളത്തിൽ കുട്ടശേരി അഹമ്മദ്, തിരൂരങ്ങാടി, 10. മുട്ട്രായി പൊക്കായി, തിരൂരങ്ങാടി, 11. കൊളക്കാട്ടിൽ കുഞ്ഞാലൻകുട്ടി, കൊളപ്പുറം, 12. ഏറമാൻ അമ്മദൂട്ടി, നെല്ലിക്കുത്ത്.''

## അത് എങ്ങനെ സംഭവിച്ചു?

''ഞങ്ങളെല്ലാവരും മതിയായ സന്തോഷത്തിലാണ്. വളരെ അടുത്ത് സംഭവിക്കാനിരിക്കുന്നതിനെക്കുറിച്ചുള്ള ചിന്ത നമ്മെ വേദനിപ്പിക്കുന്നില്ല. ഞങ്ങളെപ്പോലുള്ള നിരപരാധികളായ മനുഷ്യർ അനുഭവിച്ച കഷ്ടപ്പാടുകളും ദുരിതങ്ങളുംവെറുതെയാകില്ല എന്ന ചിന്തയിൽ ഞങ്ങൾ ആശ്വാസം കണ്ടെത്തുന്നു. ഓഗസ്റ്റ് 19ന് മലബാറിൽ പ്രശ്നങ്ങൾ ആരംഭിച്ചു. 20ാം തിയ്യതി രാവിലെ ഞാൻ തിരൂരങ്ങാടിയിലെ മസ്ജിദിലേക്ക് ദൈനംദിന പ്രാർഥനക്കായി പോയി. അപ്പോൾ, പൊലീസിന്റെയും സൈന്യത്തിന്റെയും ഒരു വലിയ സംഘം മസ്ജിദിന് ചുറ്റും നിൽക്കുന്നത് ഞാൻ കണ്ടു. അവർ പുറത്തുള്ള ആളുകളെ പള്ളിയിൽ കയറുന്നതും മസ്ജിദിനുള്ളിലുള്ളവരെ അതിൽ നിന്ന് പുറത്തുവരുന്നതും തടയുകയായിരുന്നു. ഡെപ്യൂട്ടി പൊലീസ് സൂപ്രണ്ട് ആമു സാഹിബ് യൂണിഫോമും ബൂട്ടും ധരിച്ച് പള്ളിയിൽ പ്രവേശിക്കുന്നത് ഞാൻ കണ്ടു. എന്റെ പരിചയക്കാരനായ ഒരു കാഴ്ചക്കാരൻ എന്നോട് എന്റെ വീട്ടിലേക്ക് മടങ്ങാനും അവിടെ വെച്ച് പ്രാർഥന നടത്താനും ആവശ്യപ്പെട്ടു. ആ രീതിയിൽ മസ്ജിദ് ഉപരോധിച്ചത് എന്തിനു വേണ്ടിയാണെന്ന് ഞാൻ അന്വേഷിക്കാൻ തുടങ്ങി. എന്നെ അറസ്റ്റുചെയ്യാൻ അധികാരികൾ വളരെയധികം ആയുധങ്ങളുമായി അവിടെയുണ്ടെന്ന് മനസ്സിലാക്കി. ഈ വിവരം കാട്ടുതീ പോലെ പടർന്നു.''

> ഞങ്ങളെല്ലാവരും മതിയായ സന്തോഷത്തിലാണ്. വളരെ അടുത്ത് സംഭവിക്കാനിരിക്കുന്നതിനെക്കുറിച്ചുള്ള ചിന്ത നമ്മെ വേദനിപ്പിക്കുന്നില്ല. ഞങ്ങളെപ്പോലുള്ള നിരപരാധികളായ മനുഷ്യർ അനുഭവിച്ച കഷ്ടപ്പാടുകളും ദുരിതങ്ങളുംവെറുതെയാകില്ല എന്ന ചിന്തയിൽ ഞങ്ങൾ ആശ്വാസം കണ്ടെത്തുന്നു.

○○○

## കുഴപ്പം എങ്ങനെ ഉണ്ടായി?

''തിരൂരങ്ങാടിയിൽ 20ാം തിയ്യതി ചന്ത നടക്കുന്ന ദിനമായിരുന്നുവെന്നതും അങ്ങാടിയിലും മറ്റിടങ്ങളിലും സാധാരണത്തേതിലേറെ കൂടുതൽ ആളുകൾ തടിച്ചുകൂടിയിരുന്നു എന്നതും ഇവിടെ സൂചിപ്പിക്കേണ്ടതുണ്ട്. എന്റെ ആസന്നമായ അറസ്റ്റിനെക്കുറിച്ചുള്ള വിവരങ്ങൾ ചെവിയിൽ നിന്ന് ചെവിയിലേക്ക് കൈമാറിയപ്പോൾ ഒരു സമരത്തിന്റെ അടയാളങ്ങൾ അവിടെ പ്രത്യക്ഷമാവുകയായിരുന്നു. എന്നെ അറസ്റ്റു ചെയ്യാൻ വേണ്ടി ബൂട്ടണിഞ്ഞ് മസ്ജിദിലേക്ക് പൊലീസ് പ്രവേശിച്ചതിനെക്കുറിച്ചുള്ള വിവരങ്ങൾ പ്രചരിപ്പിച്ചതിന്റെ ഫലമായി അസ്വസ്ഥത സൃഷ്ടിക്കുന്നതിൽ ഞാൻ ഏതെങ്കിലും വിധത്തിൽ സഹായിച്ചുവെന്ന് പറയുന്നത് പൂർണമായും അസത്യമാണ്.

മസ്ജിദിനുള്ളിൽ പൊതുവെ എല്ലാവർക്കും, പ്രത്യേകിച്ച് യുവാക്കൾക്ക്, മതപ്രബോധനത്തിനായി ഞാൻ ക്ലാസുകൾ നടത്താറുണ്ടായിരുന്നു. ഖുർആൻ പോലുള്ള വിശുദ്ധ ഗ്രന്ഥങ്ങൾ അടങ്ങിയ എന്റെ ഒരു പെട്ടി 'കേക്കെപള്ളി' എന്നു വിളിക്കപ്പെടുന്ന മസ്ജിദിൽ സൂക്ഷിച്ചിരുന്നു. മൊത്തം 350 രൂപ മൂല്യംവരുന്ന വിവിധ മൂല്യങ്ങളിലുള്ള കറൻസി നോട്ടുകൾ, വെള്ളി, ചെമ്പ് നാണയങ്ങൾ എന്നിവ ഞാൻ ആ പെട്ടിയിൽ സൂക്ഷിച്ചിരുന്നു. മസ്ജിദിൽ പ്രവേശിച്ച പൊലീസ് എന്റെ പെട്ടി ഉൾപ്പെടെയുള്ള എല്ലാ സാധനങ്ങളും സൂക്ഷ്മമായി പരിശോധിച്ച് അവ എല്ലാം എടുത്തു. വിചാരണവേളയിൽ തുണിയിൽ കെട്ടിയ ഒരു ചെറിയ ബണ്ടിൽ ഹാജരാക്കി, അത് എന്റേതാണെന്നും അതിൽ വെറും 17 രൂപയോളം പണമുണ്ടെന്നും സൂചിപ്പിക്കുകയുണ്ടായി. ബാക്കിയുള്ള പണത്തിനു എന്ത് സംഭവിച്ചു എന്ന് പറയാൻ ആഗ്രഹിക്കുന്നില്ല, അത് പറയാനുള്ള അവസ്ഥയിലുമല്ല ഞാൻ. ഏതെങ്കിലും വിധത്തിൽ നിങ്ങൾക്ക് ആ തുകയോ അതിലധികമോ അധികാരികളിൽ നിന്ന് തിരിച്ചു ലഭിക്കാൻ എന്തെങ്കിലും അവസരമുണ്ടെങ്കിൽ ആ തുക ദരിദ്രർക്കിടയിൽ വിതരണം ചെയ്യുന്നതിനായി നിങ്ങൾക്ക് ഉപയോഗിക്കാം. 'ദലാഇലുൽ ഖൈറാതി'ന്റെ ഒരു പകർപ്പ് എനിക്ക് സംഘടിപ്പിച്ച് തരാൻ ഞാൻ നിങ്ങളോട് അഭ്യർഥിക്കുന്നു. അതിന്റെ ഒരു പകർപ്പ് എന്റെ ശിഷ്യനായ എളമ്പുലാശ്ശേരി മൊഹിദീൻകുട്ടി ഹാജിക്കും നൽകുകയാണെങ്കിൽ, അദ്ദേഹവും നിങ്ങളോട് വളരെയധികം കടപ്പെട്ടിരിക്കും.

നൂറുകണക്കിന് മാപ്പിളമാർ ഇവിടെ റിമാൻഡിലായിട്ടുണ്ട്, അവർ കഴിഞ്ഞ മൂന്ന് മാസമായി വിചാരണ കാത്തിരിക്കുകയാണ്. സത്യത്തിൽ ഇവരെല്ലാം പേരിനുപോലുമുള്ള ഒരു തരത്തിലുള്ള വസ്ത്രവും ഇല്ലാത്തവരാണ്. നിങ്ങളുടെ സ്ഥലത്തെ ഖിലാഫത്ത്, കോൺഗ്രസ് കമ്മിറ്റികൾ ആ പാവപ്പെട്ട മനുഷ്യരെ ഏതെങ്കിലും തരത്തിലുള്ള വസ്ത്രങ്ങൾ നൽകി സഹായിക്കാനുള്ള നടപടിയെടുക്കുന്നത് നന്നായിരിക്കും.''

## ഒരു അഭ്യർഥന

പൊതുജനങ്ങളോടും പ്രാദേശിക കോൺഗ്രസിന്റെയും ഖിലാഫത്തിന്റെയും ഘടകങ്ങളോടും തങ്ങളാൽ കഴിയുന്നത് ഈ പാവപ്പെട്ടവർക്ക് വേണ്ടി ചെയ്യണമെന്ന് അഭ്യർഥിച്ചു കൊണ്ടാണ്ഞാൻ ഈ എഴുത്ത് അവസാനിപ്പിക്കുന്നത്. എന്നെപ്പോലുള്ള ഒരു വ്യക്തിക്ക് ആവശ്യമുള്ളത്ര ദുരിതാശ്വാസ പ്രവർത്തനങ്ങൾ പൂർണമായി ചെയ്യാൻ കഴിയുമെന്നത് സങ്കൽപ്പിക്കാൻ പോലും കഴിയില്ല. റിമാൻഡിൽ കഴിയുന്ന ഒരു ഡസനോളം പേർക്ക് ഞാൻ വസ്ത്രവും ഭക്ഷണവും നൽകിവരുന്നുണ്ട്, അതിൽ കൂടുതലെന്നത് എനിക്ക് താങ്ങാനാവുന്നതിലും അപ്പുറമാണ്. നമ്മുടെ പ്രാദേശിക നേതാക്കൾ അവസരത്തിനൊത്ത് ഉയർന്ന് കഷ്ടപ്പെടുന്ന സഹജീവികളോട് അവരുടെ കടമകൾ നിറവേറ്റുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.

– അഭിമുഖം നടത്തിയ സി.കെ മുഹമ്മദ് യാക്കൂബ്

(ബോംബെ ക്രോണിക്കിൾ. 1921 ഡിസംബർ 15 വ്യാഴം)

## അനുബന്ധം

*സി.കെ മുഹമ്മദ് യാക്കൂബ് സാഹിബ് നടത്തിയ ഈ അഭിമുഖം ആലി മുസ്‌ലിയാരുടെ അവസാന കാലഘട്ടങ്ങളിലെ അവസ്ഥ വിവരിക്കുന്നതിലപ്പുറം അദ്ദേഹത്തിന്റെ വ്യക്തിപ്രഭാവവും നിലപാടുകളും കൂടുതൽ വ്യക്തമാക്കുന്ന ഒരു അപൂർവ ചരിത്രരേഖയാണ്. മരണം ആസന്നമായപ്പോഴും തന്റെ സഹപ്രവർത്തകരുടെയും നാടിന്റെയും കാര്യത്തിൽ ശ്രദ്ധ ചെലുത്തുന്ന ഒരു നേതാവിനെ നമുക്ക് ഇവിടെ കാണാം. തങ്ങൾ തൂക്കിലേറ്റപ്പെടുന്നതിനെക്കുറിച്ച് വേവലാതി ഇല്ലെന്നു മാത്രമല്ല, തങ്ങളെപ്പോലുള്ളവർ നാടിനു വേണ്ടി ജീവൻത്യജിക്കുന്നത് വെറുതെയാവില്ലെന്നു പറയുമ്പോൾ അദ്ദേഹത്തിന്റെ സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള ശുഭാപ്തി വിശ്വാസത്തെ സൂചിപ്പിക്കുന്നു. അഭിമുഖത്തിലെ മറ്റൊരു പ്രധാനപ്പെട്ട കാര്യം അദ്ദേഹത്തിന്റെ കൈവശമുണ്ടായിരുന്ന പെട്ടിയിൽ സൂക്ഷിച്ചിരുന്ന പണത്തെക്കുറിച്ചുള്ള വെളിപ്പെടുത്തലാണ്. 350 രൂപയുള്ളത് 17 രൂപയായി കുറഞ്ഞതിനു പിന്നിലെ കൊള്ളയുടെ രഹസ്യം ഊഹിച്ചു പറയാൻ അദ്ദേഹം മടിക്കുന്നു. എന്നിരുന്നാലും സമരപോരാളികൾക്കും സമരാനുകൂലികൾക്കും പരക്കെ മലബാറിൽ നേരിടേണ്ടി വന്നിട്ടുള്ള കൊള്ളയിലേക്കും പിടിച്ചുപറിയിലേക്കും ഇത് വിരൽ ചൂണ്ടുന്നു. അത് തിരിച്ച് ലഭിക്കുന്ന പക്ഷം പാവപ്പെട്ട ജനങ്ങൾക്ക് നൽകണമെന്ന് ആലി മുസ്‌ലിയാരുടെ അഭ്യർഥന അദ്ദേഹത്തിലെ ആത്മീയ വീര്യമുള്ള ഔദാര്യവാനായ നേതാവിനെ എടുത്തുകാണിക്കുന്നു. അപ്രതീക്ഷിതമായി അദ്ദേഹത്തിന് ലഭിച്ച അഭിമുഖാവസരത്തിൽ അദ്ദേഹം സി.കെ യാക്കൂബിനോട് ആവശ്യപ്പെടുന്നത് 'ദലാഇലുൽ ഖൈറാത്ത്' എന്ന ഗ്രന്ഥം സംഘടിപ്പിച്ചുനൽകാനാണ്. 'ദലാഇലുൽ ഖൈറാത്ത്' ഇസ്‌ലാമിക കർമശാസ്ത്രത്തിൽ ഏറെ പ്രധാനപ്പെട്ട, പ്രവാചക സ്മരണയുണർത്തുന്ന, ആഴ്ചയിലെ ഓരോ ദിവസവും ചൊല്ലേണ്ടരീതിയിൽ ചിട്ടപ്പെടുത്തിയിട്ടുള്ള 'അത്ഭുത സ്വലാത്ത്' എന്നറിയപ്പെടുന്ന പ്രാർഥനയാണ്. മാപ്പിളമാരായ തടവുകാരുടെ ക്ഷേമമാണ് അദ്ദേഹം അവസാനമായി ആവശ്യപ്പെടുന്ന കാര്യം. തികഞ്ഞ ആത്മീയതയും കരുത്തുറ്റ ദേശസ്നേഹവും ഒരേപോലെ ചേരുന്ന മാപ്പിളസ്വത്വമാണ് ആലി മുസ്‌ലിയാർ ഉയർത്തിപ്പിടിച്ചതെന്നു ഇതിൽ നിന്നെല്ലാം വ്യക്തമാണ്.*

*(സയ്യിദ് അഷ്റഫ് തങ്ങളും സി. അബ്ദുൽ ബാരിയും എഡിറ്റ് ചെയ്ത് ഗ്രെയ്സ് ബുക്സ് പ്രസിദ്ധീകരിക്കുന്ന Imagined Nationalism: Reports on Malabar Rebellion Published in The Bombay Chronicle1921-22' എന്ന പുസ്തകത്തിൽ നിന്ന്.*

*1921 ഓഗസ്റ്റിൽ സമരം കൊടുമ്പിരികൊണ്ടത് മുതൽ 1922 ഓഗസ്റ്റ് വരെയുള്ള ഒരു വർഷക്കാലത്തെ മലബാർ സമരവുമായി ബന്ധപ്പെട്ട് ദേശീയ പ്രസ്ഥാനത്തിന്റെ പത്രം എന്ന പേരിലറിയപ്പെട്ടിരുന്ന ബോംബെ ക്രോണിക്കിളിൽ വന്ന വാർത്തകളും അനുബന്ധ വിവരണങ്ങളുമടങ്ങിയ ബ്രഹത്തായ റഫറൻസ് ഗ്രന്ഥമാണിത്. മലബാറിലെ വിവിധ പ്രദേശങ്ങളുടെ പ്രാദേശിക ചരിത്ര രചനക്കുള്ള സ്രോതസ്സായും ഗവേഷകർക്ക് സഹായകരമായ റഫറൻസായും മലബാർ സമരത്തിന്റെ മലബാറിനു പുറത്തെ, പ്രത്യേകിച്ച് ബോംബെയിലെ അനുരണനങ്ങളുടെ തത്സമയ ദൃശ്യമായും മാറുന്ന അനേകം വെളിച്ചം കാണാത്ത രേഖകളടങ്ങിയ പുസ്തകം അടുത്ത മാസം പുറത്തിറങ്ങും.)* ■

